(സി) ഇതനുസരിച്ചുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-ഡി) 'മിഷൻ 676' എന്നത് എല്ലാ സർക്കാർ വകുപ്പുകളിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികൾ, ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പൂർത്തീകരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു കർമ്മ പദ്ധതിയാണ്. ഇതിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ ഔട്ട്‌ലെറ്റുകൾ വഴിയും 13 ഇനം അവശ്യ [illegible] ന്യായവിലക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള [illegible] പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

2. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുക.

ടി രണ്ട് പദ്ധതികളിൽ ഒന്നാമത്തേത് ഒരു തുടർ പദ്ധതിയാണ്. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുക എന്ന പദ്ധതി രണ്ടു വർഷക്കാലം കൊണ്ട് പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെ പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കിവരുന്നു.

പമ്പുകളിൽ ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ

219 (1263) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് ഉൾപ്പെടെയുള്ള സ്വകാര്യ പമ്പുകളിൽ ഇന്ധന വിൽപ്പനക്കുപരി ഉപഭോക്താവിന്റെ റൈറ്റ് അവകാശ സംരക്ഷണത്തിനും ബാധ്യതയുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പമ്പുകളിൽനിന്ന് ഉപഭോക്താവിന് സൗജന്യമായി നൽകേണ്ട വായു, ജലം തുടങ്ങിയ സൗകര്യങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പല പമ്പുകളിലും അധികനാളും സൗജന്യ സൗകര്യങ്ങൾ പ്രവർത്തനക്ഷമമല്ലാതായിരിക്കുന്നതിന് അറുതിവരുത്തി പമ്പ് തുറന്ന് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താവിന് സൗജന്യ സൗകര്യങ്ങൾക്ക് അവകാശം ഉണ്ടെന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് വെള്ളം, വായു, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലഫോൺ, ടോയ്‌ലറ്റ്, ഫസ്റ്റ് എയ്ഡ്, വാഹന ടയർ എയർ ഫില്ലിംഗ് എന്നിവയാണ് പമ്പുകളിൽ ലഭ്യമാകുന്ന സൗജന്യ സേവനങ്ങൾ എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എണ്ണക്കമ്പനി അധികൃതർ പരിശോധന നടത്താറുണ്ട്. സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാത്ത പമ്പുകളിൽനിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പുതിയ മാവേലി സ്റ്റോറുകൾ

220 (1264) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മൂന്നിടത്ത് മാവേലിസ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും 30-10-2014-ൽ നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ നാല് കേന്ദ്രങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷയിൻമേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് സപ്ലൈകോ ഹെഡ് ഓഫീസിൽനിന്നും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly